പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3930 21.10.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമ പെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ആധാർ വിവരങ്ങളുമായി ഒത്തുനോക്കി വ്യാജ ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണംചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ /ഐ.ടി.മിഷൻ/ ഐ.കെ.എം എന്നിവ വികസിപ്പി ച്ചെടുത്ത സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് പദ്ധതികൾ കൂടുതൽ സുതാര്യവും കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ